**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **20-06-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ 2240 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.**<br><br>**ഭവന പുനരുദ്ധാരണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം**<br><br>1. അപേക്ഷക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവയോ വിവാഹബന്ധം വേർപെടുത്തിയവരോ ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കണം.<br>2. വീട്, സ്ഥലം എന്നിവ അപേക്ഷകയുടെയോ പങ്കാളിയുടെയോ പേരിലുള്ളവയായിരിക്കണം.<br>3. അപേക്ഷകയുടെ വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 ച.അടി യിൽ അധികരിക്കുവാൻ പാടില്ല.<br>4. വീട് റിപ്പയർ ചെയ്യേണ്ടതുണ്ട് എന്നത് സംബന്ധിച്ച് വില്ലേജ് ആഫീസറുടെയോ/ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയറിങ് വിഭാഗത്തിൽ നിന്നോ -സാക്ഷ്യപത്രം ലഭ്യമാക്കണം.<br>5. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിലോ , മറ്റ് വകുപ്പുകളുടെ ഭവന പദ്ധതി/ പുനരുദ്ധാരണ പദ്ധതികളിൽ കഴിഞ്ഞ 8 വർഷത്തിനകം ധനസഹായം കൈപ്പറ്റാത്തവരാകണം. സർക്കാരിൽ നിന്നും ഇതുവരെ യാതൊരുവിധ ഭവനനിർമാണ/ പുനരുദ്ധാരണ സഹായം ലഭിച്ചിട്ടില്ലാത്തവർക്ക് കാലാവധി ബാധകമല്ല. വീട് റിപ്പയറിംഗിനുള്ള പദ്ധതിയ്ക്കായി അപേക്ഷന്റെ പേര്, വിലാസം, |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത്,താലൂക്ക്, ജില്ല, വീടിന്റെ വിസ്തീർണ്ണം, ആകെ സ്ഥലം, സർവ്വേ നമ്പർ, കെട്ടിട നമ്പർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടയാളാണെന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷാ ഫാറം, ഡയറക്ടറേറ്റ് വെബ് സൈറ്റ് മുഖേന പ്രസിദ്ധീകരിക്കും.<br>6. **വീട് റിപ്പയർ ചെയ്യാനുള്ള അപേക്ഷയോടൊപ്പം റിപ്പയർ ചെയ്യേണ്ടതിന്റെ ആവശ്യകത, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ കുറവാണ് എന്നിവ സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.** |
| (ബി) | ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) | നിലവിലുണ്ട്. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ട വിഭാഗങ്ങളിലെ സ്ത്രീകൾ എന്നിവർക്കായി സംസ്ഥാന ധനകാര്യ വികസന കോർപ്പേറേഷന്റെ സഹായത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ലോൺ തുകയുടെ 20 % അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി അനുവദിക്കുന്ന പദ്ധതിക്ക് 2024-25 വർഷം ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട് . **എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത 60 വയസ്സിന് താഴെയുള്ള വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. യോഗ്യരായ അപേക്ഷകരെ വകുപ്പ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലേക്ക് ശുപാർശ ചെയ്യുകയും കോർപ്പറേഷൻ വായ്പ നൽകുകയും ചെയ്യും. 18 വയസ്സിൽ താഴെയുള്ള കുട്ടികളുള്ളവർക്കും ഗ്രാമവികസന വകുപ്പിന്റെ തീവ്ര ദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളിൽപ്പെട്ടവർക്കും മുൻഗണന നൽകും.** |

സെക്ഷൻ ഓഫീസർ